ഉത്തരം

(എ) ടി.സി.സി. യുടെ ഉടമസ്ഥതയിലുള്ള 20 ഏക്കർ ഭൂമി ബി.എസ്. ഇ.എസ്. കേരള പവർ ലിമിറ്റഡിന് വൈദ്യുതി പ്രോജക്ട് സ്ഥാപിക്കുന്നതിനു വേണ്ടി 15 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) താഴെ പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളത്.

1. പാട്ടത്തിന് നൽകുന്ന 20 ഏക്കർ ഭൂമിയും സെന്റിനു 35000 രൂപ നിരക്കിൽ കമ്പോളവില കണക്കാക്കി അതിന്റെ 10% വാർഷിക പാട്ടക്കരമായി ഭൂമി ഏറ്റെടുത്ത ദിവസം മുതൽ ബി.എസ്.ഇ.എസ്. ടി.സി.സി.യ്ക്ക് നൽകണം.

2. പദ്ധതി പൂർത്തിയാകുമ്പോൾ ടി.സി.സി.യ്ക്ക് ആവശ്യമായ വൈദ്യുതി സംസ്ഥാന വൈദ്യുതി ബോർഡിന്റെ അപ്പോൾ നിലവിലുള്ള നിരക്കിൽ ബി.എസ്.ഇ.എസ്. നൽകണം.

3. ടി.സി.സി. നൽകിയ സ്ഥലത്തുനിന്നും പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിന്റെ ചെലവ് ബി.എസ്.ഇ.എസ്. വഹിക്കണം.

4. വാർഷിക പാട്ടക്കരം പുതുക്കുന്നതിനായി ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഭൂമിയുടെ നിർദ്ദിഷ്ട കമ്പോളവില 50% വർദ്ധിച്ചതായി കണക്കാക്കേണ്ടതാണ്.

(സി) ഇല്ല.

(ഡി) ഈ പ്രോജക്ട് കെ.എസ്.ഐ.ഡി.സി. യും ബി.എസ്.ഇ.എസ്. കമ്പനിയും ചേർന്നുള്ള സംയുക്ത സംരംഭമാണ്.

(ഇ) പ്രസ്തുത ഭൂമിയുടെ പാട്ടക്കരമായി പ്രതിവർഷം 70 ലക്ഷം രൂപ ടി.സി.സി. യ്ക്ക് ലഭിക്കുന്നു.

കിൻഫ്രാ നടത്തുന്ന ബണ്ട് പണി

32 (2829)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രാ എറണാകുളത്ത് കടംബ്രയാറിൽ ഒരു ബണ്ട് തീർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തിനുവേണ്ടിയാണ് ഈ ബണ്ട് നിർമ്മിക്കുന്നത് എന്നും ആരുടെ അനുമതിയോടെയാണ് പുഴയ്ക്കു കുറുകെ ഇങ്ങനെ ബണ്ട് കെട്ടുന്നത് എന്നും അറിയിക്കുമോ;

(സി) ഇതിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് എന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; ഇതിന്റെ സാങ്കേതിക ഉപദേശം എവിടെ നിന്നാണ്;

(ഡി) ഈ ബണ്ട് കെട്ടുന്നത് കെ.സി.പി.എൽ. കമ്പനിക്കുവേണ്ടി ആണോ; നിലവിൽ കെ.സി.പി.എൽ.-ന് ഒരു ശുദ്ധജലപദ്ധതി ഉണ്ടെന്ന കാര്യം അറിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ബണ്ട് കെട്ടുന്നതിന് ഒരു കിലോമീറ്റർ താഴെ കൂനനാത്തിലിചോട്ടിൽ ഒരു ഓട്ടോമാറ്റിക് ഷട്ടർ വേനൽക്കാലത്ത് ഉപ്പുവെള്ളം കയറാതിരിക്കാൻ ഉണ്ടെന്നകാര്യം അറിയുമോ;

(എഫ്) കിൻഫ്രാ ഈ ബണ്ട് കെട്ടുന്നതുമൂലം പെരുമ്പാവൂർ മുതൽ 20 കി.മീ. ദൂരത്ത് നിന്ന് വരുന്ന വെള്ളം കെട്ടിനിന്ന് ആയിരത്തോളം ഏക്കർ ഭൂമി കൃഷി നശിച്ചുപോയ വിവരം അറിവുണ്ടോ;

(ജി) ഈ കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാനും ബണ്ട് പൊളിച്ചു നീക്കാനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരുജലം അടിത്തട്ടിൽകൂടി കയറുന്നതു തടയുന്നതിനു വേണ്ടിയാണ് ബണ്ടു നിർമ്മിക്കുന്നത്. കിൻഫ്രാ കെട്ടുന്ന ബണ്ട് ജലനിരപ്പിൽ നിന്ന് ഏകദേശം ആറടിയോളം താഴെ അടിത്തട്ടിലാണ്. ഇതിനായി ഒരു റിങ്ങ് ബണ്ട് ആവശ്യമാണ്. ജലഗതിയെ തടസ്സപ്പെടുത്താത്ത വിധം ഒരു ചെറിയ ഭാഗം മാത്രം താല്ക്കാലിക തടയണകൊണ്ട് വേർതിരിച്ചിട്ടുണ്ട്. ഇതിന് മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(സി) 47 ലക്ഷം രൂപയുടെ മൊത്തം എസ്റ്റിമേറ്റിൽ ഈ പദ്ധതിക്കു വേണ്ടി ഏകദേശം 20 ലക്ഷത്തോളം രൂപ ചെലവഴിച്ചുകഴിഞ്ഞു. കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ചീഫ് എഞ്ചിനീയറായി റിട്ടയർ ചെയ്ത ശ്രീ. ശങ്കര സുബ്രഹ്മണ്യ അയ്യരാണ് ഇക്കാര്യത്തിൽ സാങ്കേതിക ഉപദേശം നൽകുന്നത്.

(ഡി) ഇല്ല. കിൻഫ്ര പാർക്കിൽ വരുന്ന കമ്പനികൾക്ക് യുദ്ധജലം വിതരണം ചെയ്യുന്നതിനുവേണ്ടിയാണ്. കെ.സി.പി.എൽ-ന് ഒരു ശുദ്ധജല പദ്ധതി ഉണ്ടെന്നകാര്യം അറിവുള്ളതാണ്.

(ഇ) അറിയാം.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

കാപ്പെക്സിന്റെയും കശുവണ്ടി വ്യവസായ കോർപ്പറേഷന്റേയും പ്രവർത്തനം

33 (2830) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനമായ കാപ്പെക്സ് എന്നിവയുടെ കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ കാലയളവിൽ ഈ രണ്ട് സ്ഥാപനങ്ങളും സംസ്ഥാനത്ത് നിന്നും സംഭരിച്ച കശുവണ്ടി എത്ര; പുറത്തുനിന്നും ഇറക്കുമതി ചെയ്തതോട്ടണ്ടി എത്ര;

LIBRARY ARCHIVES Kerala Legislative Assembly